**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1422 30.09.2011 - ൽ മറുപടിയ്ക്ക്

# കീടനാശിനി ഉപയോഗം

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. കെ. ദാസൻ | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കീടനാശിനി വിൽപ്പന കൃഷി ഓഫീസറുടെ കുറിപ്പോടു കൂടി മാത്രമേ നടത്താവൂ എന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള സ.ഉ.(എം.എസ്.) നമ്പർ 22/2011 കൃത്യമായി നടപ്പിലാക്കുന്നുണ്ടോ; | (എ) നടപ്പിലാക്കുന്നുണ്ട് |
| (ബി) | കൃഷി ഓഫീസറുടെ കുറിപ്പടി അനുസരിച്ചാണ് കീടനാശിനി വില്പന കേന്ദ്രങ്ങളിൽ കീടനാശിനി വിൽക്കുന്നത് എന്നത് കൃത്യമായി പരിശോധിക്കപ്പെടുന്നുണ്ടോ; അത്തരം പരിശോധനാ റിപ്പോർട്ടുകൾ സർക്കാർ അവലോകനം ചെയ്യാറുണ്ടോ? | (ബി) സർക്കാർ ഉത്തരവ് പ്രകാരം കീടനാശിനി ഡിപ്പോ ഡീലർമാർ കുറിപ്പടി അനുസരിച്ച് മാത്രമാണ് മരുന്ന് വിതരണം ചെയ്യേണ്ടത്. ആയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും പരിശോധനാ വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ പരിശോധിക്കുന്നതുമാണ്. ഉത്തരവു നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി റിപ്പോർട്ടുകൾ കൃഷി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടില്ല. കൃഷി ഡയറക്ടറുടെ അവലോകന യോഗത്തിൽ ഇത്തരം കാര്യങ്ങൾ അവലോകനം ചെയ്യാറുണ്ട്. |
| (സി) | സർക്കാരിന്റെ നിർദ്ദേശം ലംഘിക്കുന്ന ഡിപ്പോ ഡീലർമാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ടോ; | (സി) സർക്കാർ ഉത്തരവ് ലംഘിച്ചതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. |
| (ഡി) | നിരോധിച്ച കീടനാശിനികൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇടുക്കി ജില്ല വഴി | (ഡി) നിരോധിച്ച കീടനാശിനികൾ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു തടയാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നത്; | | 23-05-2011 ലെ ജി.ഒ (എം.എസ്) 136/2011 എഡി നമ്പർ ഉത്തരവ് മുഖേന നിരോധിച്ച കീടനാശിനികളുടെ സംഭരണം, ഉപയോഗം, കള്ളക്കടത്ത് എന്നിവ തടയുന്നതിനും കീടനാശിനികൾ പിടിച്ചെടുക്കുന്നതിനുമായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ കൃഷി ഓഫീസർ കൺവീനറും അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അംഗങ്ങളുമായുള്ള ഒരു സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (ഇ) | അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴം പച്ചക്കറി എന്നിവയിൽ ഹാനികരവും അപകടകരവുമായ കീടനാശിനികൾ തളിക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതു പൊതുജനാരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്നതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട് എന്നാൽ പൊതു ജനാരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന താണ് എന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല |
| (എഫ്) | ഇത് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ | (എഫ്) | കേരള കാർഷിക സർവ്വകലാശാലയിൽ പച്ചക്കറികളിൽ വിഷ വീര്യം പരിശോധിക്കുന്നതിന് പരിമിതമായ തോതിൽ സംവിധാനം നിലവിലുണ്ട് |

സെക്ഷൻ ഓഫീസർ